# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3960          27.06.2012 - ൽ മറുപടിയ്ക്ക്**

## ആലപ്പുഴ, വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രികളിൽ അൾട്രാസൗണ്ട് സ്കാനിംഗ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ, വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രികളിൽ അൾട്രാസൗണ്ട് സ്കാനിംഗിന് രോഗികൾ ആറ് മാസം കാത്തിരിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് 10 ദിവസവും ഔട്ട് പേഷ്യന്റ് കേസുകൾക്ക് 4 മാസവും കാലതാമസം നേരിടാറുണ്ട്. |
| (ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിച്ചു ; വിശദീകരിക്കുമോ ; | (ബി) | കാലതാമസം ഒഴിവാക്കുവാൻ കൂടുതൽ മെഷീനുകൾ ഒരേ സമയം പ്രവർത്തിപ്പി-ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്ര അൾട്രാ സൗണ്ട് സ്കാനിംഗ് മെഷിനുകൾ ഉണ്ട്; ആയവ പ്രവർത്തന ക്ഷമമാണോ ; | (സി) | ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 5 അൾട്രാ സൗണ്ട് സ്കാനിംഗ് മെഷിനുകൾ ഉള്ളതിൽ 3 എണ്ണം പ്രവർത്തന സജ്ജമാണ്. പുതിയ ഒരെണ്ണം സ്ഥാപിക്കുന്ന-തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരെണ്ണം പ്രവർത്തനയോഗ്യമല്ല. ഇതിനു പുറമെ, ഗൈനക്ക്, സർജറി വിഭാഗങ്ങളിൽ ഓരോ മെഷിനുകൾ വീതം ഉണ്ട്. |
| (ഡി) അൾട്രാസൗണ്ട് സ്കാനിംഗ് എടുക്കുന്നതിന് രോഗികൾക്ക് കാലതാമസം ഉണ്ടാകുവാനുള്ള കാരണം വ്യക്തമാക്കുമോ ? | (ഡി) | ദിവസവും നൂറോളം കേസുകൾ വരാറുണ്ട്. അതിൽ 25 മുതൽ 30 വരെ മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇതുമൂലമാണ് കാലതാമസം ഉണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ